**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2481** **14.06.2019-ൽ മറുപടിക്ക്**

## വിദേശ ആഭ്യന്തര ടൂറിസ്റ്റുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി.പി. അയിഷാ പോറ്റി | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ മന്ത്രി) |
| എ) പ്രളയാനന്തരം ടൂറിസം മേഖലയുടെ തിരിച്ചു വരവിനായി സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; അറിയിക്കുമോ; | എ) പ്രളയത്തിനുശേഷം ടൂറിസം ഡെസ്റ്റിനേഷനുകളിൽ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ, പരിസ്ഥിതി സൗഹൃദപരമായി വകുപ്പിന്റെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ആരംഭിച്ച് കഴിഞ്ഞിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന പദ്ധതികൾക്ക് ടൂറിസം വകുപ്പിന്റെ 2018-19 പദ്ധതി വിഹിതത്തിൽ നിന്നും ഭരണാനുമതി നൽകിയിട്ടുണ്ട്.<br>1. പ്രളയക്കെടുതി മൂലം തകരാറിലായ വയനാട് ജില്ലയിലെ വിവിധ ടൂറിസം കേന്ദ്രങ്ങളുടെ പുനർ നിർമ്മാണത്തിന് 2,09,20,000/- രൂപയുടെ ഭരണാനുമതി.<br>2. പുനലൂർ ബാത്തിംഗ് ഗാട്ട് - 77,00,000/-രൂപ<br>3. മൺട്രോ തുരുത്ത്, അഡ്വഞ്ചർ പാർക്ക്, കണ്ണേറ്റി ബോട്ട് ടെർമിനൽ & ബോട്ട് ടെർമിനൽ അറ്റ് കൊല്ലം - 9,94,446/-രൂപ<br>4. വെള്ളിയാങ്കൽ ഹെറിറ്റേജ് പാർക്ക് - 43,22,030/-രൂപ<br>5. റീ കൺസ്ട്രക്ഷൻ ഓഫ് ഡാമേജ്ഡ് റീറ്റെയിനിംഗ് വാൾ അറ്റ് മുതിരപ്പുഴ – 74,00,000/-രൂപ<br>6. ആലുവ ഗസ്റ്റ് ഹൗസ് അറ്റകുറ്റ പണികൾ ചെയ്യുന്നതിന് - 46,00,000/-രൂപ |

7. പത്തനംതിട്ട ഗസ്റ്റ് ഹൗസിൽ അടിയന്തര വൃത്തിയാക്കലിനും അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനും- 4,00,000/- രൂപ

8. പത്തനംതിട്ട ഗസ്റ്റ് ഹൗസിൽ ഫയർ എക്സ്റ്റിംഗ്യൂഷൻ സ്ഥാപിക്കുന്നതിന് - 1,02,188/-രൂപ

9. പത്തനംതിട്ട ഗസ്റ്റ് ഹൗസിൽ നവീകരണ പ്രവൃത്തികൾ ചെയ്യുന്നതിന് - 92,50,000/-രൂപ

ഇതിനു പുറമേ, രാജ്യത്തെ വിവിധ സിനിമാ തിയേറ്ററുകൾ, മാളുകൾ, എയർപോർട്ടുകൾ, റേഡിയോ /ടി.വി/ബ്രാന്റ് സോഷ്യൽ മീഡിയകൾ എന്നിവ കേന്ദ്രീകരിച്ച് "It's time for Kerala " എന്ന പേരിൽ 2018 നവംബർ, ഡിസംബർ മാസങ്ങളിൽ ഇൻ പരസ്യ ക്യാമ്പയിനുകൾ നടത്തിയിരുന്നു. Post Flood Campaign എന്ന വിപണന തന്ത്രമാണ് ഇക്കാര്യത്തിൽ സ്വീകരിച്ചത്. ഇന്ത്യക്കകത്തും വിദേശത്തും വിവിധ ട്രേഡ് മീറ്റുകൾ സംഘടിപ്പിച്ചും വിവിധ ട്രേഡ് ഷോകളിൽ പങ്കെടുത്തും കേരള ടൂറിസം മികച്ച രീതിയിൽ ഉയിർത്തെഴുന്നേറ്റതായി വിദേശികളെയും സ്വദേശികളെയും ഒരുപോലെ ബോധ്യപ്പെടുത്താനായി. പ്രളയം മൂലം ഉണ്ടായ നെഗറ്റീവ് പബ്ലിസിറ്റി മാറ്റിയെടുക്കാനും വകുപ്പിന് ഇതുമൂലം സാധിച്ചിട്ടുണ്ട്. പ്രളയാനന്തരം ഐടി/ഡിജിറ്റൽ, സോഷ്യൽ മീഡിയ, ഓൺ ലൈൻ എന്നിവയിൽ വീഡിയോ ക്യാമ്പയിൻ ടു പ്രൊമോട്ട് കേരള എന്നീ പ്രചരണ പരിപാടികളും സംഘടിപ്പിച്ചിട്ടുണ്ട്. ഇത്തരം പ്രചാരണ പരിപാടികൾ കൊണ്ട് പ്രളയാനന്തരം കേരള ടൂറിസം മേഖലയ്ക്ക് ശക്തമായ തിരിച്ചു വരവ് നടത്താനായി എന്നതും ശ്രദ്ധേയമാണ്.

| | |
|---|---|
| ബി) ഈ വർഷം കേരളത്തിൽ എത്തിയ വിദേശ ആഭ്യന്തര | ബി) 2019 വർഷത്തിലെ മാർച്ച് മാസം വരെയുള്ള സ്ഥിതി വിവരക്കണക്കുകളാണ് വകുപ്പ് അന്തിമമാക്കിയിട്ടുള്ളത്. |

ടൂറിസ്റ്റുകളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; ജില്ല തിരിച്ച് കണക്കുകൾ വ്യക്തമാക്കുമോ?

പ്രസ്തുത കണക്കുകൾ പ്രകാരം കേരളം സന്ദർശിച്ച ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 2018 കലണ്ടർ വർഷത്തിലെ ആദ്യപാദവുമായി താരതമ്യ പ്പെടുത്തുമ്പോൾ വർദ്ധനവും വിദേശ വിനോദസഞ്ചാരി കളുടെ എണ്ണത്തിൽ കുറവുമാണ് രേഖപ്പെടുത്തിയത്. ജില്ലതിരിച്ചുളള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം

# 2019 ൽ കേരളം സന്ദർശിച്ച വിദേശവിനോദ സഞ്ചാരികൾ

| നം | ജില്ല | ജനുവരി | ഫെബ്രുവരി | മാർച്ച് | 2019 | 2018 | വർദ്ധനവ്(%) |
|---|---|---|---|---|---|---|---|
| 1 | ആലപ്പുഴ | 21899 | 21883 | 15734 | 59516 | 50975 | 16.76 |
| 2 | എറണാകുളം | 65027 | 56380 | 48439 | 169846 | 192523 | -11.78 |
| 3 | ഇടുക്കി | 8270 | 9389 | 6407 | 24066 | 15090 | 59.48 |
| 4 | കണ്ണൂർ | 1037 | 1267 | 663 | 2967 | 2765 | 7.31 |
| 5 | കാസർഗോഡ് | 1161 | 1008 | 628 | 2797 | 1966 | 42.27 |
| 6 | കൊല്ലം | 2630 | 1863 | 1509 | 6002 | 3812 | 57.45 |
| 7 | കോട്ടയം | 9770 | 10192 | 5595 | 25557 | 15964 | 60.09 |
| 8 | കോഴിക്കോട് | 2400 | 2035 | 2736 | 7171 | 4547 | 57.71 |
| 9 | മലപ്പുറം | 1259 | 1188 | 1817 | 4264 | 5637 | -24.36 |
| 10 | പാലക്കാട് | 287 | 383 | 173 | 843 | 869 | -2.99 |
| 11 | പത്തനംതിട്ട | 405 | 175 | 158 | 738 | 697 | 5.88 |
| 12 | തിരുവനന്തപുരം | 42561 | 38741 | 27485 | 108787 | 136547 | -20.33 |
| 13 | തൃശ്ശൂർ | 1817 | 1520 | 1304 | 4641 | 3619 | 28.24 |
| 14 | വയനാട് | 2065 | 2000 | 1209 | 5274 | 5683 | -7.20 |
| **കേരളം 2019** | | **160588** | **148024** | **113857** | **422469** | **440694** | **-4.14** |
| **2018** | | 167980 | 152003 | 120711 | 440694 | | |
| **മുൻവർഷത്തെ അപേക്ഷിച്ച് വർദ്ധനവ്(%)** | | **-4.4** | **-2.62** | **-5.68** | **-4.14** | | |

# 2019 ൽ കേരളംസന്ദർശിച്ച ആഭ്യന്തരവിനോദ സഞ്ചാരികൾ

| നം | ജില്ല | ജനുവരി | ഫെബ്രുവരി | മാർച്ച് | 2019 | 2018 | വർദ്ധനവ്(%) |
|---|---|---|---|---|---|---|---|
| 1 | ആലപ്പുഴ | 66554 | 56324 | 57684 | 180562 | 132442 | 36.33 |
| 2 | എറണാകുളം | 358646 | 321136 | 316309 | 996091 | 887922 | 12.18 |
| 3 | ഇടുക്കി | 133914 | 101374 | 108650 | 343938 | 248052 | 38.66 |
| 4 | കണ്ണൂർ | 71839 | 69067 | 69341 | 210247 | 184389 | 14.02 |
| 5 | കാസർഗോഡ് | 21951 | 23359 | 22835 | 68145 | 73900 | -7.79 |
| 6 | കൊല്ലം | 41842 | 32852 | 34733 | 109427 | 107570 | 1.73 |
| 7 | കോട്ടയം | 53670 | 44065 | 40743 | 138478 | 137689 | 0.57 |
| 8 | കോഴിക്കോട് | 110905 | 105983 | 103907 | 320795 | 276188 | 16.15 |
| 9 | മലപ്പുറം | 50501 | 45537 | 49856 | 145894 | 137289 | 6.27 |
| 10 | പാലക്കാട് | 48045 | 42161 | 40829 | 131035 | 124092 | 5.60 |
| 11 | പത്തനംതിട്ട | 18018 | 14110 | 13563 | 45691 | 50489 | -9.50 |
| 12 | തിരുവനന്തപുരം | 242866 | 227741 | 209854 | 680461 | 693231 | -1.84 |
| 13 | തൃശ്ശൂർ | 203717 | 179051 | 195720 | 578488 | 607333 | -4.75 |
| 14 | വയനാട് | 93083 | 72905 | 75228 | 241216 | 217126 | 11.09 |
| **കേരളം 2019** | | **1515551** | **1335665** | **1339252** | **4190468** | **3877712** | **8.07** |
| **2018** | | 1422483 | 1226778 | 1228451 | 3877712 | | |
| **മുൻവർഷത്തെ അപേക്ഷിച്ച് വർദ്ധനവ്(%)** | | **6.54** | **8.88** | **9.02** | **8.07** | | |

സെക്ഷൻ ഓഫീസർ